Circular No. 140
Archeparchial
Assembly 2014

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date: 09 - 10 - 2013

പ്രിയ ബഹു. അച്ചാ, പ്രിയപ്പെട്ട ദൈവജനമേ,

വിശ്വാസവർഷത്തിൽ സുവർണ്ണജൂബിലി ആഘോഷിക്കുന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനങ്ങളിൽ ഏറെ ശ്രദ്ധേയമായ ഒന്നാണല്ലോ സഭ ദൈവജനത്തിന്റെ കൂട്ടായ്മയാണ് എന്നത്. സീറോ മലബാർ സഭയുടെ പൈതൃകത്തിൽ അടിയുറച്ച ഈ ദർശനം സജീവമായ രീതിയിൽ പ്രായോഗികമാക്കുന്നതിന് നമ്മെ സഹായിക്കുന്ന സംവിധാനങ്ങളാണ് ഇടവകതലത്തിൽ പരസ്പര പൂരകങ്ങളായി വർത്തിക്കുന്ന കൂടാരയോഗങ്ങളും പാരിഷ് കൗൺസിലുകളും. പ്രെസ്ബിറ്ററൽ കൗൺസിൽ, പാസ്റ്ററൽ കൗൺസിൽ, അതിരൂപതാ അസംബ്ലി എന്നിവ അതിരൂപതയിലെ അജപാലനപ്രവർത്തനങ്ങളിൽ ദൈവജനത്തിന്റെ കൂട്ടായ പങ്കാളിത്തം ഉറപ്പാക്കുന്നവയാണ്.

അതിരൂപതയുടെ പ്രവർത്തനങ്ങളിൽ ദൈവജനത്തിന്റെ സജീവ സഹകരണം ഉറപ്പുവരുത്തുന്നതിൽ അതിരൂപതാ അസംബ്ലിക്ക് വലിയ പങ്കുവഹിക്കാൻ സാധിക്കും. 2000-ാമാണ്ട് സെപ്റ്റംബർ 11 മുതൽ 15 വരെ നടന്ന പ്രഥമ അതിരൂപതാ അസംബ്ലിയും ശതാബ്ദി ആചരണത്തിനൊരുക്കമായി 2008 ജനുവരി 9 മുതൽ 11 വരെ നടന്ന അസംബ്ലിയും ഇക്കാര്യം കൂടുതൽ വ്യക്തമാക്കുകയുണ്ടായി. അതിരൂപതയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങളിൽ ദൈവജനത്തിന്റെ അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കും പരിഗണന നൽകി കൂടുതൽ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി 2014 ൽ അതിരൂപതാ അസംബ്ലി ചേരണമെന്ന് ഇക്കഴിഞ്ഞ ആഗസ്റ്റ് 13-ാം തീയതി നടന്ന പ്രസ്ബിറ്ററൽ കൗൺസിൽ നിർദ്ദേശിക്കുകയുണ്ടായി. അതിനായി അഭിവന്ദ്യ പണ്ടാരശ്ശേരിൽ പിതാവിന്റെ നേതൃത്വത്തിൽ ഒരു സമിതിയെ ഞാൻ ചുമതലപ്പെടുത്തുകയും ചെയ്തു.

ആഗസ്റ്റ് മാസം 24-ാം തീയതി നടന്ന പാസ്റ്ററൽ കൗൺസിൽ യോഗം ഇതേപ്പറ്റി ചിന്തിക്കുകയുണ്ടായി. ഓരോ ഫൊറോനയിലും ഉള്ള എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെയും ഒരു യോഗം ബഹു. ഫൊറോനാ വികാരിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന് ഒരു വനിത ഉൾപ്പെടെ രണ്ട് അൽമായരെ അതിരൂപതാ അസംബ്ലിയിലേയ്ക്ക് നിർദ്ദേശിക്കുകയും അവരുടെ പേരുവിവരങ്ങൾ നവംബർ 10നു മുമ്പായി അതിരൂപതാ കൂരിയായിൽ അറിയിക്കുകയും ചെയ്യണം. അതോടൊപ്പം അതാതു ഫൊറോനകളിലെ ബഹു. വൈദികരുടെ മീറ്റിംഗിൽ വച്ച് ഒരു വൈദികനേയും (നിലവിൽ വൈദികസമിതിയിൽ അംഗമല്ലാത്ത) ഒരു Substitute നെയും തെരഞ്ഞെടുത്ത് വിവരം അറിയിക്കേണ്ടതാണ്. അതിരൂപതാ അസംബ്ലിയുടെ പരിഗണനക്കായുള്ള ദൈവജനത്തിന്റെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നവംബർ 10നു മുമ്പായി ലഭിക്കത്തക്ക വിധത്തിൽ അതിരൂപതാ കൂരിയായിലേക്കയച്ചു തരേണ്ടതാണ്. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന മാർഗ്ഗരേഖ വിശദമായ പഠനത്തിനും ചർച്ചകൾക്കുമായി നിങ്ങൾക്ക് അയച്ചുതരുന്നതാണ്. അതോടൊപ്പം അസംബ്ലിയിൽ പങ്കെടുക്കുന്ന അംഗങ്ങളുടെ വിവരവും നിങ്ങളെ അറിയിക്കുന്നതാണ്.

പൗരസ്ത്യ കാനോൻ നിയമത്തിന്റെയും സീറോ മലബാർ പൈതൃകത്തിന്റെയും വെളിച്ചത്തിൽ നമ്മുടെ അതിരൂപതയെ മുഴുവൻ പ്രതിനിധീകരിക്കുന്ന ബഹു. വൈദികരുടെയും, സമർപ്പിതരുടെയും, അത്മായ വിശ്വാസികളുടെയും ഈ കൂടിവരവ് ദൈവാനുഗ്രഹപ്രദമായി തീരുന്നതിനും നിങ്ങളുടെ ഏവരുടെയും പ്രാർത്ഥനയും സഹകരണവും ഉണ്ടാകണമെന്ന് സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു. തനിമയും ഒരുമയും കൈമുതലാക്കി വിശ്വാസനിറവിലേയ്ക്ക് വളരുന്ന ക്നാനായ സമുദായത്തിന് ശക്തിയും കരുത്തും പകരാൻ അതിരൂപതാ അസംബ്ലി സഹായകമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

N.B. ഈ സർക്കുലർ 2013 ഒക്ടോബർ 20-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദേവാലയങ്ങളിലും വി. കുർബാന മദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.